# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.437

### 29-05-2019 ൽ മറുപടിക്ക്

**മസാല ബോണ്ട്**

| ചോദ്യം<br>ശ്രീ. കെ. സി. ജോസഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ ധനസമാഹരണത്തിനായിട്ടുള്ള മസാല ബോണ്ടിൽ ഇതിനോടകം എത്ര കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞു; | കിഫ്ബിയ്ക്ക് മസാല ബോണ്ടുവഴി നാളിതുവരെ 2150 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) എത്ര ശതമാനം പലിശയ്ക്കാണ് ധനസമാഹരണം ലക്ഷ്യമിടുന്നത് എന്നും ഇതിന്റെ തിരിച്ചടവ് വ്യവസ്ഥകൾ എന്തെല്ലാമെന്നും വിശദീകരിക്കുമോ; | 9.723% കൂപ്പൺ റേറ്റിൽ ആണ് കിഫ്ബിയുടെ മസാല ബോണ്ടുകളുടെ വിപണനം നടന്നത്. 5 വർഷമാണ് തിരിച്ചടവ് കാലാവധി. അർദ്ധ വാർഷിക അടിസ്ഥാനത്തിൽ പലിശയും കാലാവധിയുടെ അവസാനം മുതലും തിരിച്ചടക്കേണ്ടതായുണ്ട്. |
| (സി) ഏത് ഏജൻസി മുഖേനയാണ് ധനസമാഹരണം നടത്തുന്നതെന്നും സി.ഡി.പി.ക്യൂ എന്ന കനേഡിയൻ ഫണ്ടിംഗ് ഏജൻസിക്ക് ഇക്കാര്യത്തിലുള്ള ബന്ധം എന്താണെന്നും വെളിപ്പെടുത്തുമോ? | കിഫ്ബിയുടെ മസാല ബോണ്ടിന്റെ ലീഡ് മാനേജർസ് ആയി പ്രവർത്തിച്ചവർ ആക്സിസ് ബാങ്ക്, സ്റ്റാൻഡേർഡ് ചാർട്ടേർഡ് എന്നീ ബാങ്കുകൾ ആയിരുന്നു. ധനസമാഹരണം ഈ ബാങ്കുകൾ മുഖേന ആയിരുന്നു. കിഫ്ബിയുടെ മസാല ബോണ്ടിൽ നിക്ഷേപം നടത്തിയ 16 നിക്ഷേപകരിൽ കനേഡിയൻ പെൻഷൻ ഫണ്ട് ആയ സി.ഡി.പി.ക്യൂ എന്ന സ്ഥാപനവും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ